30 (1244) മണ്ണന്തല ഗവൺമെന്റ് പ്രസ്സ്

<u>ശ്രീ. ജോർജ്ജ് ജെ. മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക അച്ചടി സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തനം തുടങ്ങിയിട്ടുള്ള മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ; എത്ര ഷിഫ്റ്റുകൾ;

(സി) ഇവിടെ ഷിഫ്റ്റ് ഏർപ്പെടുത്താത്തതുക്കൊണ്ട് ഭീമമായ തുക ഓവർടൈം ഇനത്തിൽ നൽകേണ്ടിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ ഇവിടെ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുമോ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും ഫയലുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(എഫ്) എങ്കിൽ എത്രയുംവേഗം അതിന്മേൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എന്നു മുതൽ തുടങ്ങുമെന്ന് തീരുമാനിച്ചിട്ടില്ല. മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ഒരു ഷിഫ്റ്റ് നിലവിലുണ്ട്. രണ്ടാമതൊരു ഷിഫ്റ്റ് കൂടി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) രണ്ടാമതൊരു ഷിഫ്റ്റ് കൂടി ഏർപ്പെടുത്താനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ഇ) ഉണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

31 (1245) ഗവൺമെന്റ് പ്രസ്സുകൾ ആധുനികവൽക്കരിക്കുവാൻ നടപടി

<u>ശ്രീ. വി.ജെ. പൗലോസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവൺമെന്റ് പ്രസ്സുകൾ ആധുനികവൽക്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഏതൊക്കെ തരം മെഷീനുകൾ വാങ്ങിയിട്ടുണ്ട്;

(സി) ഇവ ഏതൊക്കെ ഗവൺമെന്റ് പ്രസ്സുകളിലേക്കാണ് വാങ്ങിയിട്ടുള്ളത്;

(ഡി) ഇവയിൽ എത്ര മെഷീനുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(ഇ) ഏതെങ്കിലും മെഷീനുകൾ പ്രവർത്തിപ്പിക്കാതെയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ എവിടെയെല്ലാം; ഇവ പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതുതായി ഏതെങ്കിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഏതെല്ലാം തസ്തികകൾ; ഏതെല്ലാം ഗവൺമെന്റ് പ്രസ്സുകളിലേക്ക് വേണ്ടിയാണ് അവ സൃഷ്ടിച്ചിട്ടുള്ളത്;

(ഐ) പുതിയ തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം പുതുതായി വാങ്ങിയ ഏതെങ്കിലും മെഷീനുകൾ പ്രവർത്തിക്കാതിരിപ്പുണ്ടോ;

(ജെ) എങ്കിൽ ഇതുമൂലം ഗവൺമെന്റിന് എന്തു നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയുള്ള കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്, കർണ്ണാടക പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി ഡയറക്ടർ ശ്രീ. എച്ച്. ഗംഗയ്യ ചെയർമാനായും ഗവൺമെന്റ് പ്രസ്സുകളുടെ മുൻ സൂപ്രണ്ട് ശ്രീ. കെ. സ്വാമിനാഥൻ, എച്ച്.എം.ടി. കമ്പനിയുടെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. എം. രാംകുമാർ എന്നിവർ അംഗങ്ങളായും ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് മാത്യു വി. ജോൺ കൺവീനറായും ഒരു വിദഗ്ദ്ധ സമിതിയെ 1997 ഫെബ്രുവരി മാസത്തിൽ സർക്കാർ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി 1998 മെയ് മാസത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അത് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ആധുനിക അച്ചടി യന്ത്രങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വാങ്ങുന്നുണ്ട്.

(ബി) ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീനുകളും ഡി.ടി.പി. റീ പ്രൊഡക്ഷൻ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ്, വയനാട് ഗവൺമെന്റ് പ്രസ്സ് എന്നിവിടങ്ങളിലേക്കാണ്.

(ഡി) എല്ലാ യന്ത്രങ്ങളും പ്രവർത്തനസജ്ജമാണ്.

(ഇ)&(എഫ്) ആവശ്യമായ തസ്തികകളുടെ അഭാവത്തിൽ വയനാട് ഗവൺമെന്റ് പ്രസ്സിലെ റീ പ്രൊഡക്ഷൻ സെക്ഷനിലെ ക്യാമറ മുതലായ ഉപകരണങ്ങൾ പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

(ജി) ഇല്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) ഉണ്ട്. ക്യാമറയും റീ പ്രൊഡക്ഷൻ സെക്ഷനിലെ ചില ഉപകരണങ്ങളും.

(ജെ) പ്രത്യക്ഷമായ നഷ്ടം ഉണ്ടായിട്ടില്ല.

32 (1246) ഡി.പി.ഇ.പി. പദ്ധതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly